പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1898

04.10..2011-ൽ മറുപടിക്ക്

## മലബാർ സിമൻറ്സ്

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

ഉത്തരം

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പ് മന്ത്രി)

**(എ)** കേരളത്തിൽ വിൽക്കപ്പെടുന്ന സിമൻറിൻെറ പത്ത് ശതമാനം മാത്രമാണ് മലബാർ സിമൻറിൻെറ വിൽപനയെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** എങ്കിൽ ആയത് മറികടക്കുന്നതിനും മലബാർ സിമൻറിൻെറ മോഡേണൈസേഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന വിവരം വ്യക്തമാക്കുമോ;

**(സി)** മലബാർ സിമൻറ്സിൽ സിമൻറ് ഉല്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുവായ ലൈംസ്റ്റോൺ അടുത്ത 10 വർഷക്കാലത്തേക്കുകൂടി മാത്രമേ കേരളത്തിൽ നിന്ന് ലഭ്യമാകൂ എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നൂറുകണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന മലബാർ സിമൻറിനെ സംരക്ഷിക്കുന്നതിനാവശ്യമായ എന്തെല്ലാം പദ്ധതികൾക്കാണ് സർക്കാർ രൂപംകൊടുക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം ലഭ്യമാക്കുമോ;

**(എ)** കേരളത്തിൽ വിൽക്കപ്പെടുന്ന സിമൻറിൻെറ ഏകദേശം 8 (എട്ട്) ശതമാനം മാത്രമാണ് മലബാർ സിമൻറ്സിൻെറ വിപണി വിഹിതം.

**(ബി) യും (സി)-യും**

2011-ൽ IBM അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരം മലബാർ സിമൻറ്സിൻെറ പണ്ടാരത്ത് മൈൻസിൽ നിന്നും ഇനി ഖനനം ചെയ്യെടുക്കാവുന്ന ചുണ്ണാമ്പ്കല്ല് ഏകദേശം 10 മില്ല്യൻ ടൺ ആണ്. ഇത് ഏതാണ്ട് 16 വർഷത്തെ തുടർന്നുള്ള പ്രവർത്തനത്തിന് മതിയാകും. ചുണ്ണാമ്പ്കല്ല് ലഭ്യതയെ സംബന്ധിച്ച് പഠനം നടത്താനായി നാഷണൽ കൗൺസിൽ ഫോർ സിമൻറ്സ് & ബിൽഡിംഗ് മെറ്റീരിയലിനെ ഏൽപ്പിച്ചിരിക്കുകയാണ്. കൂടാതെ ചുണ്ണാമ്പ്കല്ല് ലഭിക്കുന്ന സ്ഥലം തമിഴ്നാട്ടിൽ കണ്ടെത്തുന്നതിന് ഒരു കൺസൽട്ടൻറിനെ നിയമിച്ചിരിക്കുകയുമാണ്.

| | |
|---|---|
| (ഡി) മറ്റ് സിമൻറ് കമ്പനികളിലെ ജീവനക്കാരുടെ ശമ്പളവുമായി താരതമ്യം ചെയ്യുമ്പോൾ മലബാർ സിമൻറ്സിലെ ജീവനക്കാരുടെ ശമ്പളം വളരെക്കുറവാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും ശമ്പളവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; | (ഡി) മലബാർ സിമൻറ്സിലെ നോൺ മാനേജീരിയൽ വിഭാഗം ജീവനക്കാർ സിമൻറ് വേജ് ബോർഡിൻെറ പരിധിയിലാണ് വരുന്നത്. അവരുടെ വേതന പരിഷ്കരണം കേന്ദ്ര തൊഴിലാളി സംഘടനകളും മാനേജ്മെൻറുകളും കേന്ദ്ര തൊഴിൽ കമ്മിഷണറുടെ മുമ്പാകെ ഒപ്പുവച്ച കരാർ പ്രകാരമാണ് നടപ്പിലാക്കിയിരിക്കുന്നത്. 1.4.2010-ൽ നടപ്പിലാക്കിയ കരാറിന് 4 വർഷത്തെ പ്രാബല്യമുണ്ട്. |
| (ഇ) മലബാർ സിമൻറിൻെറ മാർക്കറ്റ് സാദ്ധ്യത വിപുലപ്പെടുത്തി കൂടുതൽ വില്പന നടത്തുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം വ്യക്തമാക്കുമോ? | (ഇ) വർഷത്തിൽ 4.2 ലക്ഷം മെട്രിക്ക് ടൺ ഉൽപാദനക്ഷമതയുള്ള വാളയാർ പ്ലാൻറിൽനിന്നും, 138% ഉൽപാദനക്ഷമത കൈവരിച്ച് 5.88 ലക്ഷം മെട്രിക്ക് ടൺ വിപണനം നടത്തിയാണ് ഈ 8% നേട്ടം കൈവരിച്ചത്. ഇത് നിലനിർത്തുവാൻ വേണ്ടി ഉൽപാദന-വിപണന വിഭാഗങ്ങളെ ഒത്തൊരുമിച്ച് പ്രവർത്തിപ്പിച്ച് കൂടുതൽ ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ